പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1981 **26-10-2026-ൽ മറുപടിയ്ക്ക്**

ഉപയോഗശൂന്യമായ ഉപകരണങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. പി .എം. എ. സമീർ

ശ്രീ. ടി. പി. അഷ്റഫലി

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) മെഡിക്കൽ കോളേജുകളിലെ ആവശ്യത്തിനായി വാങ്ങിയ 30 കോടിയോളം രൂപയുടെ ഉപകരണങ്ങൾ ഉപയോഗശൂന്യമായതായി കണ്ടെത്തിയിട്ടുണ്ടോ;

മറുപടി:

ആലപ്പുഴ മെഡിക്കൽകോളേജിൽ K.M.S.C.L മുഖേന വിതരണം ചെയ്ത 2 P.S.A(Pressure swing Adsorption) Oxygen Generator Plant കമ്പനി ഇതുവരെ പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കി നൽകിയിട്ടില്ല. ഗുണനിലവാരം കുറഞ്ഞ പ്രസ്തുത plant ൽ നടത്തിയ പരിശോധനയിൽ ആവശ്യമായ അളവിലും ആവശ്യമായ മർദ്ദത്തിലും ഓക്സിജൻ ഉത്പാദിപ്പിക്കാൻ ജനറെറ്ററിന് സാധിക്കുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

PM Care സ്കീമിൽ നിന്നും ലഭിച്ച വെന്റിലേറ്ററുകൾ വിവിധ മെഡിക്കൽകോളേജുകളിൽ കോവിഡ് കാലത്ത് വിവിധ വിഭാഗങ്ങളിൽ ജീവൻ രക്ഷയ്ക്കായി പരമാവധി ഉപയോഗിച്ചിരുന്നു. എന്നാൽ ഈ ഉപകരണങ്ങളിൽ സങ്കീർണ്ണമായ രോഗീപരിചരണ സംവിധാനങ്ങൾ ഇല്ലാത്തതിനാലും ഇവയുടെ പ്രകടന വിശ്വാസ്യതയിലും ഗുണ നിലവാരത്തിലും ഡോക്ടർമാർ തൃപ്തരല്ലാത്തതിനാലും കോവിഡ് കാലം കഴിഞ്ഞതോടെ ഉപയോഗത്തിൽ നിന്നും ഒഴിവാക്കുകയായിരുന്നു. കൂടാതെ ഇവയുടെ പ്രവർത്തന ചെലവും പരിപാലന ചെലവും പ്രകടനവുമായി താരതമ്യം ചെയ്യുമ്പോൾ ഭീമമായിരുന്നു.

ഇത്തരത്തിൽ ഗുണനിലവാരം കുറഞ്ഞ 41 വെന്റിലേറ്ററുകൾ കോട്ടയം മെഡിക്കൽകോളജിലും, 27 വെന്റിലേറ്ററുകൾ മഞ്ചേരി മെഡിക്കൽകോളേജിലും, 20 വെന്റിലേറ്ററുകൾ കണ്ണൂർ മെഡിക്കൽകോളേജിലും, 40 വെന്റിലേറ്ററുകൾ കോഴിക്കോട് മെഡിക്കൽകോളേജിലും ഉപയോഗിക്കാനാകാതെ കിടക്കുന്നുണ്ട്.

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ;

മറുപടി: ആരോഗ്യ വകുപ്പിൽ കഴിഞ്ഞ 10 വർഷമായി വിലകൂടിയ മെഡിക്കൽ ഉപകരണങ്ങൾ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും വാങ്ങി സംഭരിച്ച് ദീർഘകാലമായി ഉപയോഗിക്കാതെ കിടക്കുന്നതിനാൽ ധാരാളം പരാതികൾ സർക്കാരിൽ ലഭിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷയായി ഒരു അന്വേഷണ സമിതി സ.ഉ (സാധാ) 2277/2026/H&FWD, തീയതി 08.07.2026 പ്രകാരം സർക്കാർ സമിതി രൂപീകരിക്കുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) നശിച്ച ഉപകരണങ്ങളിൽ ഇരുന്നൂറോളം വെന്റിലേറ്ററുകൾ ഉൾപ്പെട്ടിരുന്നോ;

മറുപടി: 41 വെന്റിലേറ്ററുകൾ കോട്ടയം മെഡിക്കൽകോളജിലും, 27 വെന്റിലേറ്ററുകൾ മഞ്ചേരി മെഡിക്കൽകോളേജിലും, 20 വെന്റിലേറ്ററുകൾ കണ്ണൂർ മെഡിക്കൽകോളേജിലും, 40 വെന്റിലേറ്ററുകൾ കോഴിക്കോട് മെഡിക്കൽകോളേജിലും ഉപയോഗിക്കാനാകാതെ കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഉപകരണങ്ങൾ ഏത് കാലഘട്ടത്തിൽ വാങ്ങിയതാണ്; വിശദമാക്കുമോ?

മറുപടി: 2021-2022കാലഘട്ടത്തിൽ PM CARE, NHM വഴിയാണ് വാങ്ങിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ